# പള്ളികുദാശാക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

### മത്താ 22,41-23,12

*നിങ്ങളിൽ ഏറ്റവും വലിയവൻ*
*നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം.*
*തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും;*
*തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടും.*

ഇന്ന് ദൈവത്തിന്റെയും പ്രളയമാണ് സമൂഹത്തിൽ! ക്രിക്കറ്റ് താരങ്ങൾ മുതൽ സിനിമാതാരങ്ങൾ വരെയുള്ള നീണ്ട നിര. ഇതിൽ, ക്രിസ്തുവിനെ നേതാവാക്കുന്നവർ ദൈവരാജ്യത്തിന് അവകാശികളാകും.

ഇന്ന് തിരുസഭയിൽ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കുകയാണ്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." എന്നുള്ള പ്രാർത്ഥനയിലൂടെ നാം അറിഞ്ഞും അറിയാതെയും ഏറ്റ് പറയുന്നത് ക്രിസ്തുവിന്റെ രാജത്വത്തെയാണ്. അധരങ്ങളിൽ ചാലിച്ച് ചേർത്ത ഈ പ്രാർത്ഥന ചങ്കിന് കുറുകെ തലങ്ങനെയും വിലങ്ങനെയും വരച്ച് ചേർത്ത്, രാജക്കൻമാരുടെ രാജാവും പ്രഭുക്കൻമാരുടെ പ്രഭുവുമായ ദൈവത്തിന്റെ ഒരിക്കലും അവസാനിക്കാത്ത രാജ്യത്തിലെ അംഗങ്ങളാണ് നാം ഓരോരുത്തരും എന്നതിൽ അഭിമാനിക്കാൻ ഇതിനേക്കാൾ നല്ല ഒരു സുദിനമില്ല.

റോമൻ സാമ്രാജ്യത്തിന്റെ അടിമത്വത്തിൽ നിന്ന് ഇസ്രായേൽക്കാരെ മോചിപ്പിക്കുന്ന ശക്തനും ധീരനുമായ രാജസങ്കൽപ്പമായിരുന്നു ക്രിസ്തുവിന് യഹൂദർ ചാർത്തിയിരുന്നത്. യഹൂദസങ്കൽപ്പങ്ങൾ തകിടം മറയ്ക്കുന്നതായിരുന്നു ക്രിസ്തുവിന്റെ ജനനം. രാജകൊട്ടാരങ്ങളിൽ ക്രിസ്തുവിന്റെ ജനനത്തിന് വേണ്ടി യഹൂദൻമാർ കാത്തിരുന്നപ്പോൾ ക്രിസ്തു ജനിച്ചത് കാലിത്തൊഴുത്തിലാണ്. അതുകൊണ്ട് തന്നെ ക്രിസ്തുവിനെ രക്ഷകനും വിമോചകനുമായി കാണാൻ യഹൂദർക്ക് സാധിക്കുമായിരുന്നില്ല.

പടയോട്ടങ്ങളും അധിനിവേശങ്ങളും ഇല്ലാത്ത ക്രിസ്തു തന്റെ രാജ്യത്തിന്റെ നയപ്രഖ്യാപനത്തിൽ ചാലിച്ച് ചേർത്ത വചനം ഇപ്രകാരമായിരുന്നു;

"നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടും" (മത്താ 23,11-12).

നിങ്ങൾ എന്റെ രാജ്യത്തിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. കാരണം, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും.

ഇന്ത്യയുടെ മുൻ പരമാധ്യക്ഷനും, യുവാക്കളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളയ്പ്പിക്കുകയും ചെയ്ത ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ഏറ്റവും സുന്ദരവും പ്രചോദനാത്മകവുമായ പുസ്തകങ്ങളിൽ ഒന്നാണ് "അജയമായ ആത്മശക്തി (Indomitable Spirit)" എന്നത്. ഇതിൽ ഏറ്റവും ഹൃദ്യമായ ഒരു രംഗം അദ്ദേഹം വിവരിക്കുന്നുണ്ട്.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് വേണ്ടിയുള്ള ഒരു കായിക മേളയക്കിടയിൽ നൂറ് മീറ്റർ ഓട്ട മത്സരം നടക്കുകയാണ്. ഒൻപത് കുട്ടികളാണ് മത്സരത്തിനായുള്ളത്. ഒൻപത് കുട്ടികളും മത്സരത്തിനായ് സ്റ്റാർട്ടിങ്ങ് ലൈനിൽ അണിനിരന്നു. മത്സരം ആരംഭിക്കാനുള്ള അടയാളം കിട്ടിയതും കുട്ടികൾ തങ്ങളുടെ ഓട്ടം ആരംഭിച്ചു.

ഓട്ടത്തിനിടയിൽ ഒരു കൊച്ചു കുട്ടി കാലു തെന്നി ഉരുണ്ട് വീണ് കരയാൻ തുടങ്ങി. മറ്റുള്ള എട്ടു പേരും കരച്ചിൽ കേട്ട് ഓട്ടം നിർത്തി തിരിഞ്ഞ് നോക്കിയപ്പോൾ തങ്ങളുടെ കൂടെ ഓടാനുണ്ടായിരുന്ന ഒരുവൻ നിലത്ത് കിടന്ന് കരയുന്നതാണ് അവർ കണ്ടത്. എല്ലാവരും നിലത്ത് വീണ് കരയുന്ന കുട്ടിയുടെ അടുത്തെത്തി, അവനെ താങ്ങി എഴുനേൽപ്പിച്ച്, പെടി തട്ടി കളഞ്ഞ് സാന്ത്വനിപ്പിച്ചു. തുടർന്ന്, ഒൻപത് കുട്ടികളും കൈകൾ കോർത്ത് പിടിച്ച് നടന്ന് ലക്ഷ്യസ്ഥാനത്തെത്തി.

സ്റ്റേഡിയത്തിലുണ്ടായിരുന്ന മുഴുവൻ പേരും എഴുന്നേറ്റ് നിന്ന് മിനിറ്റുകളോളം കൈകളടിച്ച് ആ കുഞ്ഞുമക്കളെ പ്രോത്സാഹിപ്പിച്ചു. താൻ നേരിൽ കണ്ട ഈ അനുഭവം വിവരിച്ച ശേഷം ഡോ. എ.പി.ജെ അബ്ദുൾ കലാം ഇപ്രകാരം കൂട്ടി ചേർത്തു;

"ഈ ജീവിതത്തിൽ സ്വയം വിജയിക്കുന്നതിലല്ല, മറിച്ച്, നമ്മുടെ വേഗം കുറയ്ക്കുകയോ, ഗതി തിരിച്ചുവിടുകയോ ചെയ്തിട്ടായാലും മറ്റുള്ളവരെ വിജയിക്കാൻ സഹായിക്കുന്നതിലാണ് വിജയം കുടിയിരിക്കുന്നത്."

നാം സ്വപ്നം കാണുന്നവരാണ്. നാം രാജാവാകുന്ന രാജ്യത്തെ കുറിച്ച് നാം തന്നെ സ്വപ്നം കണ്ടപ്പോൾ ക്രിസ്തുവും കണ്ടു ഒരു സ്വപ്നം. പക്ഷെ, ക്രിസ്തു കണ്ട സ്വപ്നത്തിന് ഒരു വ്യതിരക്തതയുണ്ടായിരുന്നു. ക്രിസ്തു കണ്ട സ്വപ്നത്തിന്റെ പ്രത്യേകത, ആ രാജ്യത്തിലെ മുഴുവൻ അംഗങ്ങളും രാജാവാകുന്നതിനെ കുറിച്ചായിരുന്നു. അതുകൊണ്ട് മാത്രമാണ്, ക്രിസ്തു തന്റെ രാജ്യത്തിന്റെ പെരുമാറ്റ ചട്ടകൂടിൽ ഈ വചനം എഴുതി ചേർത്തത്, "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടും."

ക്രിസ്തു തന്റെ രാജ്യത്തിന്റെ സുവർണ നിയമമായ് തിരഞ്ഞെടുത്ത വചനം, "മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ" (മത്താ 7,12). കരുണയും ആർദ്രതയും സ്നേഹവും എല്ലാം എനിക്ക് തന്നെ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് നാം പലപ്പോഴും. അതുകൊണ്ട് തന്നെ മനുഷ്യന്റെ സ്വഭാവത്തെ പാടത്ത് പണിയെടുക്കാൻ ഉപയോഗിക്കുന്ന തൂമ്പയോടാണ് സദൃശ്യപ്പെടുത്താറ്. കാരണം, തൂമ്പയുടെ സ്വഭാവം നമ്മുക്കറിയാം. തൂമ്പ എല്ലായിപ്പോഴും മണ്ണ് അപ്പുറത്തുനിന്ന് കളച്ച് ഇപ്പുറത്തേയ്ക്ക് ഇടുന്നതിനാണ് നാം ഉപയോഗിക്കുന്നത്. തൂമ്പ ഒരിക്കൽ പോലും ഇപ്പുറത്ത് നിന്ന് അപ്പുറത്തേയ്ക്ക് ഇടുന്നത് നാം കണ്ടിട്ടുണ്ടാവില്ല. അതുപോലെ തന്നെയാണ് മനുഷ്യന്റെ സ്വഭാവവും. ആർക്കും ഒന്നും ലഭിച്ചില്ലെങ്കിലും എല്ലാം എനിക്ക് വേണം. എന്നാൽ, എനിക്ക് എല്ലാം കിട്ടിയാലും ആർക്കും ഒന്നും കൊടുക്കുവാനും നാം തയ്യാറല്ല.

ഈ അടുത്ത് വായിച്ചതിൽ വച്ച് ഏറ്റവും അനുഭവപ്രദമായ സംഭവങ്ങളിൽ ഒന്ന് ഇപ്രകാരമാണ്.

വാഹനത്തിൽ നിന്നും ഇറങ്ങി ഓടി കിതച്ചുകൊണ്ട് ഡോക്ടർ ആശുപത്രിയിലേക്ക് വന്നു. ഒരു അർജെന്റ് ഓപറേഷൻ ഉണ്ടെന്നു ഫോൺ വന്നിരുന്നു..!!! വസ്ത്രം മാറി ഓപറേഷൻ തീയറ്റർ ലക്ഷ്യമാക്കി നടന്നു...

അവിടെ അപകടത്തിൽ അകപ്പെട്ട കുട്ടിയുടെ പിതാവ് ഉണ്ടായിരുന്നു. ഡോക്ടറെ കാത്തു നിൽക്കുകയായിരുന്നു. ഡോക്ടറെ കണ്ടപാടെ ക്ഷുഭിതനായി ചോദിച്ചു "എന്താ വരാൻ ഇത്ര താമസം? എവിടെ ആയിരുന്നു? നിങ്ങൾക്കറിയില്ലേ എന്റെ മകന്റെ അവസ്ഥ അതീവ ഗുരുതരമാണെന്ന്? നിങ്ങള്ക്ക് എന്ത് റെസ്പൊൻസിബിലിറ്റി ആണുള്ളത്? ഡ്യൂട്ടി സമയം തോന്നുന്നിടത്ത് പോകുന്നോ?"

ആ ഡോക്ടർ ഒന്നും മിണ്ടിയില്ല. എല്ലാം കേട്ട് നിന്നു ശേഷം ഒരൽപം പുഞ്ചിരിയോടെ പറഞ്ഞു :

'നിങ്ങൾ ക്ഷമിക്കണം. ഞാൻ ഇവിടെ ഇല്ലായിരുന്നു. ഫോൺ വന്നപാടെ ഇങ്ങോട്ട്

അണികളുടെ ഭാരം കുറയ്ക്കാൻ നേതാവ് ഭാരം ചുമക്കുമ്പോൾ ക്രിസ്തു കണ്ട പുതിയ ലോകവും പുതിയ ആകാശവും സംജാതമാകും...

തിരിച്ചതാണ്. നിങ്ങൾ അക്ഷമനകാതെ ഇരിക്കൂ. നമുക്ക് നോക്കാം..."

"അക്ഷമാനാകാതെ ഇരിക്കാനോ? ഈ അവസ്ഥയിൽ നിങ്ങളുടെ മകനാണ് ഇതിനകത്ത് ഉള്ളതെങ്കിൽ നിങ്ങൾ ഇങ്ങനെ ക്ഷമിക്കുമോ? ഈ സമയം നിങ്ങളുടെ മകൻ അങ്ങ് മരണപെട്ടാൽ നിങ്ങൾ എന്ത് ചെയ്യും?

പിതാവ് പൊട്ടി തെറിച്ചു....

ഡോക്ടർ വീണ്ടും ചെറു പുഞ്ചിരിയോടെ പറഞ്ഞു " ദൈവത്തിൽ നിന്നുമുള്ള കാരുണ്യത്തിൽ നിങ്ങൾ നിരാശരാകരുത് എന്ന് പഠിച്ചിട്ടില്ലേ ? ഞാൻ എന്റെ കഴിവിന്റെ പരമാവതി ശ്രമിക്കാം. നിങ്ങൾ പ്രാർത്ഥിക്കൂ. നമുക്ക് ശ്രമിക്കാം."

"ഉപദേശിക്കാനും കാരണങ്ങൾ പറയാനും നിങ്ങൾക്ക് എളുപ്പമാണ്." അച്ഛൻ പിറു പിറുത്തു

ഓപറേഷൻ ഒരു മണിക്കൂർ നീണ്ടു. അതിനുശേഷം ഡോക്ടർ സന്തോഷത്തോടെ പുറത്തേക്ക് വന്നു പറഞ്ഞു; "ദൈവത്തിനു നന്ദി, നിങ്ങളുടെ മകന് കുഴപ്പമൊന്നുമില്ല. അവൻ രക്ഷപെട്ടിരിക്കുന്നു. കൂടുതൽ എന്തെങ്കിലും ചോദിക്കാൻ ഉണ്ടെങ്കിൽ നേഴ്സിനോട് ചോദിക്കുക"

അച്ഛന്റെ മറുപടി കേൾക്കാൻ നിക്കാതെ ഡോക്ടർ തന്റെ യൂണിഫോം അഴിച്ചുവെച്ചു അതി വേഗത്തിൽ കാറിലേയ്ക്ക് ഓടി !!!

"ഇയാൾ ഇത്ര കഠിന ഹൃദയമുള്ളവനാണോ സിസ്റ്റർ? അയാളെന്താ കുറച്ചു സമയം പോലും ഇവിടെ നില്ക്കാതെ ഇത്ര തിടുക്കത്തിൽ ഓടിയത്? എനിക്കെന്റെ പൊന്നുമോന്റെ ഇപ്പോഴത്തെ അവസ്ഥ അറിയാൻ ആഗ്രഹമില്ലേ? എന്താ ഇയാൾ ഇങ്ങനെ?" അച്ഛൻ ക്ഷുഭിതനായി...

ഇതിന് നേഴ്സ് മറുപടി നൽകിയത് നിറകണ്ണുകളോടെയായിരുന്നു...

"ഡോക്ടറുടെ ഏകമകൻ ഇന്നലെ ഒരു റോഡ് ആക്സിടന്റിൽ മരണപെട്ടു. അദ്ദേഹം തന്റെ മകന്റെ അന്ത്യ കർമങ്ങളിൽ ആയിരുന്നു. ഞങ്ങൾ വിളിച്ചതുകൊണ്ടു മാത്രം അദ്ദേഹം ഇങ്ങോട്ട് ഓടി വന്നതാണ്. സ്വന്തം മകന്റെ അന്ത്യ കർമങ്ങൾ പൂർത്തീകരിക്കാനും അവസാനമായി ഒരു ചുമ്പനം നല്കുവാനും വേണ്ടി പോയതാണ് അദ്ദേഹം...

ആ പിതാവ് ഒരു നിമിഷം നിശബ്ദനായി ഒരിടത്തിരുന്നു, പൊടുന്നനെ കണ്ണുകൾ നിറഞ്ഞു...

ക്രിസ്തു തന്റെ രാജ്യത്തിന്റെ അവകാശികളാകുന്നവരുടെ അടുത്ത് പറയുന്നു; ജീവിതത്തിൽ സുഖവും സന്തോഷവും ലഭിച്ചിച്ച് ആർക്കും ആരെയും സഹായിക്കാൻ സാധിക്കില്ല. അതുകൊണ്ട്, "മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ" (മത്താ 7,12).

"ദൈവത്തിന്റെ ദാസൻമാരുടെ ദാസൻ...." പരിശുദ്ധ പിതാവ് തന്നത്താൻ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. കാരണം, തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും!

**"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ;**
**വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്"**
മത്താ 7,13

ഫാ. ജോബി മേനോത്ത് : +91 944 7777 931